# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1027** **30.10.2019-ലെ മറുപടി**

**താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) | താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടമായ ഡിസ്ട്രിബ്യൂഷൻ ലൈൻ പ്രോജക്ട് സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്നറിയിക്കാമോ: | (എ) | താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടമായ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്ന പദ്ധതിയുടെ 202 കോടി രൂപയുടെ വിശദമായ എഞ്ചിനിയറിങ് റിപ്പോർട്ടിന് ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | താനൂർ മുനിസിപ്പാലിറ്റിയിലും സമീപത്തെ അഞ്ച് പഞ്ചായത്തുകളിലേക്കുമുള്ള സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ: | (ബി) | താനൂർ മുനിസിപ്പാലിറ്റിയിലും സമീപത്തെ അഞ്ച് പഞ്ചായത്തുകളിലേക്കുമുള്ള സമ്പൂർണ്ണ കുടിവെള്ള പദ്ധതി നാല് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.<br>പാക്കേജ്.1- കിണറിന്റെ നിർമ്മാണവും റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവർത്തിയും പൂർത്തീകരണ ഘട്ടത്തിലാണ്.( 98%)<br>പാക്കേജ്.2- ജല ശുദ്ധീകരണ ശാലയുടെ പ്രവർത്തികൾ പൂർത്തീകരിച്ചു.<br>പാക്കേജ്.3- ഇലക്ട്രോ മെക്കാനിക്കൽ ഘടകങ്ങളുടെ പ്രവർത്തിയ്ക്ക് എഗ്രിമെന്റ് വെച്ചു.<br>പാക്കേജ്.4- 63 ലക്ഷം ലിറ്റർ, 18 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണികളുടെ നിർമ്മാണം ഉൾപ്പെട്ട പ്രവർത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കിഫ്ബി പദ്ധതിയായ തിരൂർ- കടലുണ്ടി ബിഎംബിസി റോഡിലുള്ള ഡിസ്ട്രിബ്യൂഷൻ ലൈൻ വർക്ക് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ: | (സി) | ഭരണാനുമതി ലഭിച്ച നിലവിലെ പദ്ധതിയിൽ തിരൂർ-കടലുണ്ടി ബിഎം ബിസി റോഡിലുള്ള ഡിസ്ട്രിബ്യൂഷൻ ലൈൻ പ്രവർത്തികൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത പ്രവർത്തിയ്ക്ക് കൂടി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കാമോ? | (ഡി) | ഭരണാനുമതി ലഭിച്ച് ഇപ്പോൾ നടന്നുവരുന്ന താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ ഘടകങ്ങൾ 2021 മാർച്ച് മാസത്തോട് കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

Renuka Sankar
സെക്ഷൻ ഓഫീസർ